**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1184** **02-02-2026 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ/പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | 1.മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്ന പദ്ധതി<br><br>2.തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്ന പദ്ധതി<br><br>3.ഇൻസുലേറ്റഡ് ഫിഷ്ബോക്സ് നൽകുന്ന പദ്ധതി<br><br>4.സ്ക്വയർമെഷ് കോഡന്റ് നൽകുന്ന പദ്ധതി<br><br>5.VHF മറൈൻ റേഡിയോ നൽകുന്ന പദ്ധതി<br><br>6.GPS നൽകുന്ന പദ്ധതി<br><br>7.സീ സേഫ്റ്റി കിറ്റ് നൽകുന്ന പദ്ധതി<br><br>8.യന്ത്രവൽകൃത യാനങ്ങളിലെ തടി കൊണ്ടുള്ള ഹൾ സ്റ്റീൽ ഹൾ ആക്കി മാറ്റുന്ന പദ്ധതി<br><br>9.പ്രധാനമന്ത്രി മത്സ്യ സമ്പദായോജനാ പദ്ധതി - ത്രീ വീലർ വിത്ത് ഐസ് ബോക്സ് നൽകുന്ന പദ്ധതി<br><br>10. പ്രധാനമന്ത്രി മത്സ്യ സമ്പദായോജനാ പദ്ധതി - മോട്ടോർ സൈക്കിളും<br><br>വിത്ത് ഐസ് ബോക്സും നൽകുന്ന പദ്ധതി<br><br>11. പ്രധാനമന്ത്രി മത്സ്യ സമ്പദായോജനാ പദ്ധതി - പഴയ ഫൈബർ വള്ളങ്ങൾ മാറ്റി പുതിയ ഫൈബർ വള്ളങ്ങൾ വാങ്ങൽ പദ്ധതി<br><br>12.പ്രധാനമന്ത്രി മത്സ്യ സമ്പദായോജനാ പദ്ധതി - ഇൻസുലേറ്റഡ് വെഹിക്കൾ നൽകുന്ന പദ്ധതി<br><br>13. പുനർഗേഹം പദ്ധതി<br><br>14.മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണ പദ്ധതി |

15.ടൗട്ടെ ചുഴലിക്കാറ്റ് നഷ്ടപരിഹാര

ആനുകൂല്യം

16. അതിതീവ്രമഴ നഷ്ടപരിഹാര

ആനുകൂല്യം

17.ആഴക്കടൽ ലോങ്ങ് ലൈൻ ചൂണ്ട നൽകുന്ന പദ്ധതി

18.പ്രതിഭാതീരം പദ്ധതി

19.സൗജന്യ റേഷൻ നൽകുന്ന പദ്ധതി

20.സമ്പാദ്യ സമാശ്വാസ പദ്ധതി

**ഈ സർക്കാരിന്റെ കാലയളവിൽ മത്സ്യഫെഡ് മുഖാന്തിരം മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ/പദ്ധതികൾ എന്നിവ ചുവടെ ചേർക്കുന്നു.**

1.ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി സഹായത്തോട് കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി -

2.ദേശീയപിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധന സഹായത്തോട്ടുകൂടിയുള്ള വായ്പ പദ്ധതി.

(എ) മൈക്രോഫിനാൻസ് വായ്പ പദ്ധതി

(ബി) ടേം വായ്പകൾ

3.മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ പദ്ധതി

(4)നാടൻ വള്ളങ്ങളുടെ നവീകരണവും, വലകൾക്കുള്ള സബ്സിഡി വിതരണവും

5.മത്സ്യഫെഡ് മത്സ്യബന്ധന ഉപകരണ സുരക്ഷാ പദ്ധതി

6.സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി

7. മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന മണ്ണെണ്ണയുടെ വിലക്കയറ്റവും മണ്ണെണ്ണയുടെ ലഭ്യത കുറവും പരിഹരിക്കുന്നതിനായി മത്സ്യഫെഡിന്റെ

| | | | |
|---|---|---|---|
| | | | ഉടമസ്ഥതയിൽ വെള്ള മണ്ണെണ്ണ സബ്സിഡിയോടു കൂടി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന പദ്ധതി. ആയതിലേയ്ക്ക് 19-08-2014 - ലെ സ.ഉ (സാധാ നം.722/14/മവ, 28-02-2015-ലെ സ.ഉ(സാധാ നം. 139/2015/മവ പ്രകാരം വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് ബങ്കുകൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകുകയും, കേരളത്തിലെ 9 തീരദേശ ജില്ലകളിൽ 13 മണ്ണെണ്ണ ബങ്കുകൾ മത്സ്യഫെഡ് സ്ഥാപിക്കുകയും ചെയ്തു. ടി മണ്ണെണ്ണക് സബ്സിഡി, ലിറ്ററിന് 25 രൂപ നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് DBT പ്രകാരം ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് വിതരണം ചെയ്ത് വരുന്നത്. ടി മണ്ണെണ്ണ പെർമിറ്റ് കാർഡുള്ള മത്സ്യത്തൊഴിലാളികൾക്ക് - 10 HP വരെയുള്ള എഞ്ചിനുകൾക്ക് 140 ലിറ്റർ വരെ, 15 HP വരെയുള്ളവർക്ക് 150 ലിറ്റർ വരെയും 25 HP - ൽ മുകളിൽ ഉള്ള എഞ്ചിനുകൾക്ക് 190 ലിറ്റർ വരെ എന്ന രീതിയിൽ ആണ് നിലവിൽ വിതരണം ചെയ്യുന്നത്.<br><br>മത്സ്യത്തൊഴിലാളികൾക്ക് ഗുണമേന്മയുള്ള ഉപകരണങ്ങളും, ഉത് പന്നങ്ങളും മിതമായ നിര<br><br>ക്കിൽ വിതരണം ചെയ്യുന്നതിന് വലനിർമ്മാണ ശാലകൾ, എഞ്ചിൻ ഇറക്കുമതി ചെയ്ത് വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ, ഡീസൽ ബങ്കുകൾ, വ്യാസാ സ്റ്റോറുകൾ തുടങ്ങിയ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളിൽ അഴീക്കോട് മണ്ഡലത്തിൽ ഗുണഭോക്താക്കളായിട്ടുള്ളവരുടെ എണ്ണം, ഏതൊക്കെ പദ്ധതി എന്നിവ പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ? | (ബി) | **1.മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി**<br><br>അഴീക്കോട് നിയോജകമണ്ഡലത്തിൽ അഴീക്കോട് പഞ്ചായത്തിലെ 237 യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി<br><br>**2.തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്ന പദ്ധതി**<br><br>അഴീക്കോട് നിയോജക മണ്ഡലത്തിൽ അഴീക്കോട് പഞ്ചായത്തിലെ 571 പേർക്കും പാപ്പിനിശ്ശേരി പഞ്ചായത്തിലെ 84 പേർക്കും ചിറയ്ക്കൽ പഞ്ചായത്തിലെ 6 പേർക്കും വളപട്ടണം പഞ്ചായത്തിലെ 50 പേർക്കും നാറാത്ത് പഞ്ചായത്തിലെ 5 പേർക്കും അടക്കം ആകെ 716 പേർക്ക് ധനസഹായം നൽകി.<br><br>**3.ഇൻസുലേറ്റഡ് ഫിഷ്ബോക്സ് നൽകുന്ന പദ്ധതി** |

അഴീക്കോട് നിയോജക മണ്ഡലത്തിൽ അഴീക്കോട് പഞ്ചായത്തിലെ 16 പേർക്കും പാപ്പിനിശ്ശേരി പഞ്ചായത്തിലെ 2 പേർക്കും വളപട്ടണം പഞ്ചായത്തിലെ 2 പേർക്കും അടക്കം ആകെ 20 പേർക്ക് ഇൻസുലേറ്റഡ് ഫിഷ്ബോക്സ് അനുവദിച്ചു.

**4.സ്ക്വയർമെഷ് കോഡ് എന്റ് പദ്ധതി**

അഴീക്കോട് നിയോജക മണ്ഡലത്തിൽ അഴീക്കോട് പഞ്ചായത്തിലെ 61 പേർക്കും വളപട്ടണം പഞ്ചായത്തിലെ ഒരാൾക്കും നാറാത്ത് പഞ്ചായത്തിലെ ഒരാൾക്കും അടക്കം ആകെ 63 പേർക്ക് സ്ക്വയർമെഷ് കോഡ് എന്റ് അനുവദിച്ചു

**5.VHF മറൈൻ റേഡിയോ നൽകുന്ന പദ്ധതി**

അഴീക്കോട് നിയോജക മണ്ഡലത്തിൽ അഴീക്കോട് പഞ്ചായത്തിലെ 12 പേർക്കും പാപ്പിനിശ്ശേരി പഞ്ചായത്തിലെ ഒരാൾക്കും നാറാത്ത് പഞ്ചായത്തിലെ 2 പേർക്കും അടക്കം ആകെ 15 പേർക്ക് VHF മറൈൻ റേഡിയോ അനുവദിച്ചു.

**6.GPS നൽകുന്ന പദ്ധതി**

അഴീക്കോട് നിയോജക മണ്ഡലത്തിൽ അഴീക്കോട് പഞ്ചായത്തിലെ 30 പേർക്ക് GPS വിതരണം ചെയ്തു.

**7.സീ സേഫ്റ്റി കിറ്റ് നൽകുന്ന പദ്ധതി**

അഴീക്കോട് നിയോജക മണ്ഡലത്തിൽ അഴീക്കോട് പഞ്ചായത്തിലെ 28 പേർ പദ്ധതി ഗുണഭോക്താക്കളായി

**8.പ്രധാനമന്ത്രി മത്സ്യ സമ്പദായോജനാ പദ്ധതി - ത്രീ വീലർ വിത്ത് ഐസ് ബോക്സ് നൽകുന്ന പദ്ധതി**

അഴീക്കോട് പഞ്ചായത്തിലെ 2 ഗുണഭോക്താക്കൾക്ക് നൽകി.

**9.പ്രധാനമന്ത്രി മത്സ്യ സമ്പദായോജനാ പദ്ധതി - മോട്ടോർ സൈക്കിളും വിത്ത് ഐസ് ബോക്സും നൽകുന്ന പദ്ധതി**

പാപ്പിനിശ്ശേരി പഞ്ചായത്തിലെ 1 ഗുണഭോക്താവിന് നൽകി.

**10.പ്രധാനമന്ത്രി മത്സ്യ സമ്പദായോജനാ പദ്ധതി - പഴയ ഫൈബർ വള്ളങ്ങൾ മാറ്റി പുതുയ ഫൈബർ വള്ളങ്ങൾ വാങ്ങൽ പദ്ധതി**

അഴീക്കോട് പഞ്ചായത്തിലെ ഒരു ഗുണഭോക്താവിന് നൽകി

**11.പ്രധാനമന്ത്രി മത്സ്യ സമ്പദായോജനാ പദ്ധതി ഇൻസുലേറ്റഡ് വൈഹിക്കൾ നൽകുന്ന പദ്ധതി**

ഇൻസുലേറ്റഡ് വൈഹിക്കൾ അഴീക്കോട് പഞ്ചായത്തിലെ ഒരു ഗുണഭോക്താവിന് നൽകി.

**12.പുനർഗേഹം പദ്ധതി** പ്രകാരം ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെടുന്നതിന് തല്പരരായ അഴീക്കോട് പഞ്ചായത്തിൽ ഉൾപ്പെടുന്ന 26 പേരിൽ 23 പേർക്ക് ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങി രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും, ആയതിൽ 11 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ച് പുതിയ ഭവനത്തിലേക്ക് താമസം മാറിയിട്ടുണ്ട്.

**13. മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണ പദ്ധതി** പ്രകാരം അഴീക്കോട് മണ്ഡലത്തിന്റെ പരിധിയിൽ അഴീക്കോട് പഞ്ചായത്തിലെ 9 പേർക്കും പാപ്പിനിശ്ശേരി പഞ്ചായത്തിലെ 3 പേർക്കും ഒന്നാംഗഡു ധനസഹായം അനുവദിച്ചിട്ടുണ്ട്

**14. 2021 വർഷത്തിൽ 13-05-2021 ന് ഉണ്ടായ ടൗട്ടെ ചുഴലിക്കാറ്റ്** പ്രകാരം അഴീക്കോട് നിയോജക മണ്ഡലത്തിന്റെ പരിധിയിൽ FIMS ൽ രജിസ്റ്റർ ചെയ്ത610 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 1200/- രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്.

15.അതിതീവ്രമഴയെ തുടർന്ന് 2021 വർഷത്തിൽ ഒക്ടോബർ, നവംബർ മാസങ്ങളിലെ ശക്തമായ മഴയെ തുടർന്ന് കേരള തീരത്ത് 15 ദിവസത്തോളം കടലിൽ മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തിയതിനെ തുടർന്ന് ഉപജീവനം നഷ്ടപ്പെട്ട FIMS ൽ രജിസ്റ്റർ ചെയ്ത അഴീക്കോട് നിയോജക മണ്ഡലത്തിന്റെ പരിധിയിൽ 682 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 3000/- രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്.

16. ജൂൺ 09 അർദ്ധ രാത്രി മുതൽ ജൂലൈ 31 വരെയുള്ള 52 ദിവസത്തേക്കുള്ള ട്രോളിംഗ് നിരോധന കാലയളവിൽ അഴീക്കോട് നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുകയുണ്ടായി.

**17.സമ്പാദ്യ സമാശ്വാസ പദ്ധതി**

| | | | |
|---|---|---|---|
| | | | അഴീക്കോട് നിയോജക മണ്ഡലത്തിൽ അഴീക്കോട് പഞ്ചായത്തിലെ 2333 പേർക്കും പാപ്പിനിശ്ശേരി പഞ്ചായത്തിലെ 354 പേർക്കും വളപട്ടണം പഞ്ചായത്തിലെ 45 പേർക്കും ചിറയ്ക്കൽ പഞ്ചായത്തിലെ 14 പേർക്കും നാറാത്ത് പഞ്ചായത്തിലെ 58 പേർക്കും അടക്കം 2,804 പേർക്ക് പദ്ധതി ആനുകൂല്യം ലഭിച്ചു.<br><br>മത്സ്യഫെഡ് മുഖാന്തിരം അഴീക്കോട് മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളിൽ ഗുണഭോക്താക്കളായിട്ടുള്ളവരുടെ എണ്ണം, ഏതൊക്കെ പദ്ധതി എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | പഞ്ചായത്ത് |
|---|---|---|---|
| 1 | **ഐ.എഫ്.ഡി.പി** | | |
| | മത്സ്യബന്ധന ഉപകരണ വായ്പ | **115** | അഴീക്കോട് |
| | പ്രവർത്തനമൂലധന വായ്പ | **57** | അഴീക്കോട് |
| | മത്സ്യവിപണനത്തിലേർപ്പെട്ടിരിക്കുന്ന പുരുഷൻമാർക്കുള്ള ഇരുചക്ര വാഹന വായ്പ (ഐ.എഫ്.ഡി.പി **2013-14**) | **1** | അഴീക്കോട് |
| **2** | എൻ.ബി.സി.എഫ്.ഡി.സി മൈക്രോഫിനാൻസ് | **65** | അഴീക്കോട് |
| **3** | മത്സ്യകച്ചവട സ്ത്രീകൾക്ക് നൽകി വരുന്ന പലിശ രഹിത വായ്പ പദ്ധതി | **16** | അഴീക്കോട് |
| **4** | നാടൻ വള്ളങ്ങളുടെ നവീകരണവും, വലകൾക്കുമുള്ള സബ്സിഡി | **49** | അഴീക്കോട് |
| **5** | മത്സ്യഫെഡ് മത്സ്യബന്ധന ഉപകരണ സുരക്ഷാ പദ്ധതി | **1** | അഴീക്കോട് |
| **6** | മണ്ണെണ്ണ എൻജിനു പകരം പെട്രോളിലേക്ക് മാറ്റുന്ന പദ്ധതി | **2** | അഴീക്കോട് |
| **7** | മണ്ണെണ്ണ സബ്സിഡി | **32** | അഴീക്കോട് |